LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം

152(458) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനശല്യമുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പനത്തടി, ബളാൽ, ഈസ്റ്റ് എളേരി, ദേലം പാടി, മുളിയാർ, കാറഡുക്ക, ബേഡഡുക്ക, കുറ്റിക്കോൽ എന്നിവയാണ് കാട്ടാനശല്യം ഉള്ള പഞ്ചായത്തുകൾ.

(ബി) കഴിഞ്ഞ പത്ത് വർഷ കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള ആൾനാശം/കൃഷി നഷ്ടങ്ങൾ എത്രയാണെന്നും നൽകിയ നഷ്ടപരിഹാരവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷ കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള ആൾനാശം/കൃഷിനഷ്ടങ്ങളുടെയും, നഷ്ടപരിഹാരം നൽകിയവയുടെയും വിവരം ചുവടെ നൽകുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ എണ്ണം	വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിച്ച സംഭവങ്ങളുടെ എണ്ണം	നൽകിയ നഷ്ടപരിഹാര തുക
(1)	(2)	(3)	(4)	(5)
1	അജാനൂർ	1	12	189637
2	ബദിയടുക്ക	3	54	1012930
3	ബളാൽ	3	105	187638
4	ബേഡഡുക്ക	0	110	665873
5	ബെള്ളൂർ	2	46	326378
6	ചെമ്മനാട്	1	8	104326
7	ചെങ്കള	1	5	100236
8	ചെറുവത്തൂർ	1	15	98428

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
9	ദേലംപാടി	4	172	1829676
10	ഈസ്റ്റ് എളേരി	2	136	1762130
11	എൻമകെജ	1	40	427412
12	കള്ളാർ	2	124	1127475
13	കാറഡുക്ക	3	128	1321327
14	കോടോംബേളൂർ	1	17	154278
15	കയ്യൂർ ചീമേനി	2	8	372563
16	കിനാനൂർ കരിന്തളം	2	134	337277
17	കുമ്പടാജെ	1	18	209171
18	കുമ്പള	3	19	326428
19	കുറ്റിക്കോൽ	2	98	348648
20	മധൂർ	1	7	142670
21	മടിക്കൈ	1	12	130276
22	മംഗൽപ്പാടി	3	26	748447
23	മഞ്ചേശ്വരം	1	30	157328
24	മീഞ്ച	0	52	167442
25	മൊഗ്രാൽപുത്തൂർ	0	45	157427
26	മുളിയാർ	2	147	1275729

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
27	പൈവെളിക	1	57	178277
28	പള്ളിക്കര	2	12	404932
29	പനത്തടി	3	114	1237051
30	പീലിക്കോട്	2	6	103465
31	പുല്ലൂർ പെരിയ	1	12	212376
32	പുത്തിഗെ	1	16	102675
33	തൃക്കരിപ്പൂർ	3	9	352642
34	ഉദുമ	2	12	211237
35	വോർക്കാടി	0	45	178479
36	വെസ്റ്റ് എളേരി	3	91	1673123
	ആകെ	61	1942	18335407

(സി) വന്യജീവികളുടെ ശല്യത്തിന് ശാശ്വത പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വന്യജീവികൾമൂലമുള്ള ശല്യത്തിന് പരിഹാരമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

<u>സൗരോർജ്ജവേലി നിർമ്മാണം</u>

1. ഭണ്ഡാരക്കുഴി മുതൽ അർത്യ വരെ - 2 കി.മീ.
2. എവത്തൂർ മുതൽ അക്ഷരക്കാട് വരെ - 2 കി.മീ.
3. അർത്യ മുതൽ പാണ്ടി വരെ - 2 കി.മീ.
4. പാണ്ടി മുതൽ എവത്തൂർ വരെ - 2 കി.മീ.
5. പഞ്ചിക്കൽ മുതൽ ചെണ്ടമൂല വരെ - 2 കി.മീ. ആകെ - 10 കി.മീ.

LIBRARY ARCHIVES Kerala Legislative Assembly

ആന പ്രതിരോധ കിടങ്ങ്

1. പഞ്ചിക്കൽ മുതൽ ഞെള്ളിപ്പാടി വരെ - 3 കി.മീ.

2. ചേനാംകുണ്ട് മുതൽ പായാർപള്ളം വരെ - 4 കി.മീ.

3. കൊട്ടയാടി മുതൽ നൂജിബെട്ടു വരെ - 3 കി.മീ. ആകെ - 10 കി.മീ.

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ട്രഞ്ച് സൗരോർജ്ജവേലി ഫലപ്രദവും പ്രായോഗികവുമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനു എത്ര രൂപ ചെലവ് വരുമെന്നും സർക്കാർ ചെലവിൽ ട്രഞ്ച് സൗരോർജ്ജവേലി നിർമ്മിക്കുമോ എന്നും വ്യക്തമാക്കാമോ?

ട്രഞ്ച് സരോർജ്ജ വേലി പ്രായോഗികമാണ്. കാസർഗോഡ് ജില്ലയിൽ ഈ സാമ്പത്തിക വർഷം നിർമ്മിക്കാനുദ്ദേശിക്കുന്ന ട്രഞ്ച് സരോർജ്ജ വേലികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. ഭണ്ഡാരക്കുഴി മുതൽ അർത്യ വരെ - 2 കി.മീ.

2. എവന്തൂർ മുതൽ അക്ഷരക്കാട് വരെ - 2 കി.മീ.

3. അർത്യ, മുതൽ പാണ്ടി വരെ - 2 കി.മീ.

4. പാണ്ടി മുതൽ എവന്തൂർ വരെ - 2 കി.മീ.

5. പഞ്ചിക്കൽ മുതൽ ചെണ്ടമൂല വരെ - 2 കി.മീ. ആകെ - 10 കി.മീ.

ഈ പ്രവൃത്തികൾക്ക് ആകെ 35 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ നിലവിൽ ഫോറസ്റ്റ് സ്റ്റേഷൻ ഉണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ സ്ഥാപിക്കുവാൻ സാധിക്കുമെന്നും ഇതിനു എത്ര രൂപ ചെലവ് വരുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിവിഷന് കീഴിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലില്ല. പരപ്പ, പാണ്ടി, കരിന്തളം, കള്ളാർ എന്നിവിടങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിനായി 4 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.